പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1481 — 13.06.2014 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ദിവാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക കടാശ്വാസ കമ്മീഷൻ മുഖേന 2012-13 വർഷത്തിൽ എത്ര തുക വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്താമോ; | (എ) കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസത്തുക സഹകരണ സംഘം രജിസ്ട്രാർ മുഖേനയാണ് വിതരണം ചെയ്യുന്നത്. കമ്മീഷന്റെ ശിപാർശപ്രകാരം 2012-13 വർഷത്തിൽ 21,77,86,360/- രൂപ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) 2012-2013 വർഷത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും എത്രയെണ്ണം തീർപ്പാക്കിയെന്നും വിശദമാക്കുമോ? | (ബി) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.05.2009 ആയി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വയനാട് ജില്ലയിലെ കർഷകരുടെ 31.10.11 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്ന് വയനാട് ജില്ലയിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നുണ്ട്. അതനുസരിച്ച് 2012-13 വർഷത്തിൽ 18,526 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 31.05.2009 നകം ലഭിച്ചിട്ടുള്ളവയിൽ 64,992 അപേക്ഷകൾ 2012-13 വർഷത്തിൽ തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ